## പതിനാലാം കേരളനിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2988** **10.05.2017-ൽ മറുപടിക്ക്**

## സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഡി.കെ. മുരളി | ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി |

(എ) സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(എ) സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

1. നിയമത്തെ അംഗീകരിക്കുകയും അനുസരിക്കുകയും ചെയ്യുന്ന ഒരു സമൂഹത്തെ സൃഷ്ടിക്കുക.
2. വിദ്യാർത്ഥികളിൽ പൗരബോധം, സമത്വ ബോധം, മതേതര വീക്ഷണം, അന്വേഷണത്വര, നിരീക്ഷണപാടവം, നേതൃത്വശേഷി, സാഹസിക മനോഭാവം തുടങ്ങിയ മൂല്യങ്ങൾ വളർത്തുക.
3. വിദ്യാർത്ഥികളിൽ സാമൂഹ്യ പ്രതിബദ്ധതയും സേവന സന്നദ്ധതയും സഹജീവി സ്നേഹവും വളർത്തുക.
4. സാമൂഹിക തിൻമകളായ തീവ്രവാദം, വിഘടനവാദം, വർഗ്ഗീയത, ജാതീയത, ലഹരിഭ്രമം തുടങ്ങിയവയ്ക്കെതിരെ പ്രതികരിക്കാനും പ്രവർത്തിക്കാനും വിദ്യാർത്ഥികളെ സജ്ജരാക്കുക.
5. ആഭ്യന്തര സുരക്ഷ, കുറ്റകൃത്യ നിവാരണം, ക്രമസമാധാനപാലനം, ഗതാഗത നിയന്ത്രണം, സാമൂഹ്യ സേവനം തുടങ്ങിയ പ്രവർത്തനങ്ങളിൽ പോലീസ് സേനയോടൊപ്പം പ്രവർത്തിക്കുന്നതിന് വിദ്യാർത്ഥികളെ പ്രാപ്തരാക്കുക.
6. എൻ.സി.സി, എൻ.എസ്.എസ്. തുടങ്ങിയ സന്നദ്ധ സംഘടനകളെപ്പോലെ സ്റ്റുഡന്റ് പോലീസ് കേഡറ്റിനെ ഒരു സ്വതന്ത്ര സാമൂഹ്യ സേവന വിഭാഗമായി വളർത്തുക.
7. വിദ്യാർത്ഥികളിൽ പ്രകൃതി സ്നേഹം,

പരിസ്ഥിതി സംരക്ഷണ ബോധം, പ്രകൃതി ദുരന്തങ്ങൾക്കെതിരേ പ്രവർത്തിക്കാനുള്ള സന്നദ്ധത എന്നിവ വളർത്തിയെടുക്കുക.

8. സാമൂഹ്യ പ്രശ്നങ്ങളിൽ ഇടപെടാനും ദുരന്ത ഘട്ടങ്ങളിൽ ഉണർന്ന് പ്രവർത്തിക്കാനുമുള്ള മനോഭാവം വിദ്യാർത്ഥികളിൽ വളർത്തുക.
9. സ്വഭാവ ശുദ്ധിയിലും പെരുമാറ്റശീലത്തിലും മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിലും ഒരു മാതൃകാ വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കുക.
10. സമൂഹത്തിന്റെ സർവ്വോൻമുഖമായ പുരോഗതിക്കുവേണ്ടി നിസ്വാർത്ഥമായി പ്രവർത്തിക്കുന്ന ഒരു യുവസമൂഹത്തെ സൃഷ്ടിക്കുക.

(ബി) ഈ പദ്ധതി നടപ്പിലാക്കുന്നതുകൊണ്ട് ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതായി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കാമോ;

(ബി) വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാന പ്ലാനിംഗ് ബോർഡ് നിയോഗിച്ച കമ്മിറ്റിയും, കെ.പി.എം.ജി. കൺസൽട്ടൻസിയും ഇതു സംബന്ധിച്ച് ഇംപാക്ട് സ്റ്റഡികൾ നടത്തി വിവിധ നിർദ്ദേശങ്ങൾ/ശുപാർശകൾ നൽകിയിട്ടുണ്ട്. ഇതിനു പുറമെ പ്രതിമാസ അവലോകന വീഡിയോ കോൺഫറൻസുകളും, ജില്ലാതല/സ്കൂൾതല അവലോകനങ്ങളും ഉപദേശക സമിതികൾ മുഖേന നടത്താറുണ്ട്.

(സി) വാമനപുരം നിയോജകമണ്ഡലത്തിൽ എത്ര സ്കൂളുകളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ?

(സി) തിരുവനന്തപുരം റൂറൽ ജില്ലയിൽ 38 സ്കൂളുകളിൽ എസ്.പി.സി. പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് (പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു). ഇതിൽ വാമനപുരം നിയോജകമണ്ഡലത്തിലെ സ്കൂളുകളും ഉൾപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം



# STUDENT POLICE CADET PROJECT IMPLEMENTED SCHOOLS

| SL NO. | DISTRICT | No | ACADEMIC YEAR | NAME OF SCHOOL | TYPE OF SCHOOL |
|---|---|---|---|---|---|
| 1 | Thiruvananthapuram Rural | 1 | 2010-2012 | 1. Govt. Boys HS, Attingal | Govt. |
| 2 | | 2 | | 2. Govt.VHSS, Parassala | Govt. |
| 3 | | 3 | | 3. Govt. BHSS, Neyyattinkara | Govt. |
| 4 | | 4 | 2012-2013 | 1. GHSS, Venjaramoodu | Govt. |
| 5 | | 5 | | 2. GVHSS, Vellanaadu | Govt. |
| 6 | | 6 | | 3. GVHSS Vithura | Govt. |
| 7 | | 7 | | 4. GBHSS, Bharathannur | Govt. |
| 8 | | 8 | | 5. GHSS, Thonakkal | Govt. |
| 9 | | 9 | | 6. Govt. HSS, Kilimanoor | Govt. |
| 10 | | 10 | 2013-2014 | 1.Govt. Girls HS , Kanyakulangara | Govt. |
| 11 | | 11 | | 2. Vimala Hridaya HS, Viraly, Uchakkada | Aided |
| 12 | | 12 | | 3. Govt.V&HSS, Kulathoor | Govt. |
| 13 | | 13 | | 4. Govt. HS, Plavoor , kattakkada | Govt. |
| 14 | | 14 | | 5. Govt.HSS, Azhoor | Govt. |
| 15 | | 15 | | 6.Govt.HSS, Avanavancherry | Govt. |
| 16 | | 16 | | 7.Govt.BHSS , Mithrumala | Govt. |
| 17 | | 17 | | 8.SreeSethuParvathyBhai HS, Kadakavur | Aided |
| 18 | | 18 | 2014-2015 | 1.Dr.Ambedkar Vidyanikethan MR CBSE school, Njaraneeli, | Govt. |
| 19 | | 19 | | 2. Dr. G R Public School, Neyyatinkara | Un-Aided |
| 20 | | 20 | | 3. Govt. Tribal HS, Meenankal | Govt. |
| 21 | | 21 | | 4. Lekshmi Vilasom HS, pothencode | Aided |
| 22 | | 22 | | 5. St. Helens HS, Kanjiramkulam | Aided |
| 23 | | 23 | | 6. BR MHS, Elavattom | Aided |
| 24 | | 24 | | 7. DVMNMHSS, Maranallur | Aided |
| 25 | | 25 | | 8. GHSS, Marayamuttam | Govt. |
| 26 | | 26 | | 9. St. Xaviers HSS, Peyad | Aided |
| 27 | | 27 | | 10. PHMKM VHSS, Panavoor | Aided |
| 28 | | 28 | | 11. Viswadeepthi English Medium, Kattakkada | Un-Aided |
| 29 | | 29 | | 12. Sree Saradhavilasom Girls HSS, Chirayinkeezh | Aided |
| 30 | | 30 | 2015-2016 | 1. SN VHSS, Anad | Aided |
| 31 | | 31 | | 2. NSS HSS, Madavoor | Aided |
| 32 | | 32 | | 3. Govt. HSS, Neduveli Vembayam | Govt. |
| 33 | | 33 | | 4. Govt Boys HS, Kanyakulangara | Govt. |
| 34 | | 34 | | 5. St. Johns HSS, Undancode | Aided |
| 35 | | 35 | | 6. Govt. VHSS, Vakkom | Govt. |
| 36 | | 36 | 2016-2017 | 1. Govt Girls HSS malayinkeezhu | Govt. |
| 37 | | 37 | | 2. Govt. HSS Nedumangad | Govt. |
| 38 | | 38 | | 3. Govt VHSS Kallara | Govt. |

നോഡൽ ഓഫീസർ